"ഭരണഭാഷ – മാതൃഭാഷ"

**കേരളസംസ്ഥാനം**
**വ്യാവസായിക പരിശീലന വകുപ്പ്**
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
PMG, വികാസ് ഭവൻ.പി. ഒ, തിരുവനന്തപുരം - 33
e-Mail:- cru.dttvpm@kerala.gov.in, Phone :- 0471-2303856

---

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ : ഷമ്മി ബേക്കർ.എ)**

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ കേഡറുകളിലെ 2025 വർഷത്തെ പൊതു സ്ഥലമാറ്റം - അനോമലി അപേക്ഷകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :- 1. ജോയിന്റ് ഡയറക്ടറുടെ 01-07-2025, 31-08-2025 തീയതികളിലെ DT/2581/2025-A2 നമ്പരായ പൊതു സ്ഥലംമാറ്റ ഉത്തരവുകൾ

2. സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ കേഡറുകളിലെ ജീവനക്കാരുടെ അപേക്ഷകൾ

**ഉത്തരവ് നമ്പർ: DT/2581/2025-A2 തീയതി: 27-02-2026**

പരാമർശം (1) പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതു സ്ഥലമാറ്റം സ്പാർക്ക് മുഖേന ഓൺലൈൻ സമ്പ്രദായത്തിൽ നടപ്പാക്കി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളിന്മേൽ പരാമർശം (2) പ്രകാരം ചുവടെ പറയുന്ന അനോമലി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ പൊതു സ്ഥലംമാറ്റ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ചുവടെ പറയും പ്രകാരം പരിഹരിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

| ക്രമ നം | സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ പേര്/പെൻ/നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനം അപേക്ഷ വിവരങ്ങൾ | തീരുമാനം |
|---|---|---|
| 1 | **ആദർശ് വി (898141),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി),**<br>**ഗവ. ഐ.ടി.ഐ മയ്യനാട്**<br><br>2025ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് അനുകമ്പാർഹതയ്ക്കുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിൽ, "She requires follow-up and continuous treatment hence the presence of her husband is absolutely needed" എന്നുള്ളത് പ്രത്യേകം പരാമർശിച്ചിരുന്നു എങ്കിലും ആയത് പരിഗണിച്ചില്ല എന്നും മാതൃ ജില്ലയിൽ രണ്ട് വർഷം പൂർത്തിയാകുമ്പോഴേക്കും പുനക്രമീകരണ വുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റി എന്നും ഭാര്യയ്ക്ക് കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിന് ശ്രമിച്ചുവെങ്കിലും എലിജിബിലിറ്റി ആകാത്തതി നാൽ അപേക്ഷിക്കുവാൻ കഴിഞ്ഞില്ല എന്നും പുന ക്രമീകരണവുമായി ബന്ധപ്പെട്ട് അപ്രതീക്ഷിത ട്രാൻസ്ഫർ കാരണം ചികിത്സ പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും ആയതി നാൽ തുടർ ചികിത്സയ്ക്കായി അനുകമ്പാർഹതയ്ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്നു.<br><br>ടിയാൻ ആറ്റിങ്ങൽ ഐടിഐയിൽ ജോയിൻ ചെയ്ത 05/09/2022 മുതൽ 28/02/2025 വരെ ടിയാൾക്ക് 909 സേവന ദിസങ്ങളുടെ സീനിയോറിറ്റി ഉണ്ട് എന്നും തിരുവനന്തപുരം ജില്ലയിലം തുറന്ന ഒഴിവിലേയ്ക്ക് പരിഗണിച്ച ഉദ്യോഗസ്ഥനേക്കാൾ (ക്രമ നം. 27) കൂടുതലാണെന്നും എന്നും ഓപ്ഷൻ വഴി അല്ലാത്ത ക്രമീകരണം മൂലം തിരുവനന്തപുരം ജില്ലയിലെ സീനിയോറിറ്റി തൊട്ടടുത്ത് വരുന്ന 2025ലെ പൊതുസ്ഥലം മാറ്റത്തിൽ നഷ്ടപ്പെട്ട് പോകാതെ പ്രസ്തുത വിജ്ഞാപനം 19-ാം ഖണ്ഡിക പ്രകാരം പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. 2024 ൽ വകുപ്പിൽ എസിഡി ഇൻസ്ട്രക്ടറായി പിഎസ്സി നിയമനം ലഭിച്ചവരിൽ പലരേയും അവർ ആദ്യമായി പ്രവേശിച്ച സ്ഥാപനത്തിൽ നിന്നും മാതൃജില്ലയിലെ തന്നെ വേറൊരു സ്ഥാപനത്തിലേയ്ക്ക് ക്രമീകരിച്ചിട്ടുണ്ട്. ഇവ രണ്ടും മാതൃജില്ലയ്ക്ക് പുറത്തായതിനാൽ സീനിയോറിറ്റിയെ അത് ബാധിച്ചിട്ടില്ല. തന്നേക്കാൾ സർവീസ് ജൂനിയറായ ട്രാൻസ്ഫർ ലിസ്റ്റ് ക്രമനമ്പർ 39 ആയ ഉദ്യോഗസ്ഥന് മാതൃജില്ലായായ തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. മാതൃ ജില്ലയിൽ 3 വർഷം പൂർത്തിയാകുന്നതിനു മുൻപ് പുറം ജില്ലയിലോട്ട് പുനക്രമീകരിച്ചതിനാൽ അതുവരെയുള്ള മാതൃജില്ലയിലെ സീനിയോറിറ്റി | പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ അനുകമ്പാർഹമായ കാരണങ്ങളിൽ ടി ചികിത്സ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അപേക്ഷകൻ പരാമർശിച്ചിട്ടുള്ള ചികിത്സയ്ക്കായി അനുകമ്പാർഹത അനുവദിച്ചിട്ടില്ല. ആദർശ് വി, അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരനെ (ക്രമ നം. 27) പുറം ജില്ല സീനിയോറിറ്റി പരിഗണിച്ചാണ് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. ക്രമനമ്പർ 39 ആയ ജീവനക്കാരന് മാതൃജില്ലയിലേക്ക് സ്ഥലമാറ്റം ലഭിച്ച സ്ഥാപനത്തിലേക്ക് അപേക്ഷകൻ അപേക്ഷിച്ചിട്ടില്ല, ആയതിനാലാണ് ടി സ്ഥാപനത്തിലേക്ക് അപേക്ഷകനെ പരിഗണിക്കാത്തത്. നിലവിൽ ആദർശ് വി, സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ തുറന്ന ഒഴിവുകൾ ഇല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |

| | | |
|---|---|---|
| | നഷ്ടപ്പെടുകയും ചെയ്യു. ആയത് പരിശോധിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. മേൽ വസ്തുതകൾ പരിഗണിച്ച് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള ആര്യാനാട് ഒഴികെയുള്ള ഐടിഐ ആറ്റിങ്ങൽ ഐടിഐ കഴക്കൂട്ടം, ഐടിഐ ചാക്ക എന്നിവയിൽ ഏതെങ്കിലും സ്ഥാപനത്തിൽ സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | |
| 2 | **ഷൈനി എം കെ (819921),**<br>**സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി),**<br>**ഗവ. ഐ.ടി.ഐ ചെന്നീർക്കര**<br>ടിയാൾ 2022 സെപ്തംബറിൽ ആറ്റിങ്ങൽ ഐടിഐയിൽ നിന്നും വാമനപുരം ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചുവന്നിട്ട് രണ്ടര വർഷം ആയതേയുള്ളുവെന്നും കഴക്കൂട്ടം ഐടിഐിലേയ്ക്ക് ട്രാൻസ്ഫർ നൽകുന്നതിനോ നിലവിലെ സ്ഥാപനത്തിൽ നിലനിർത്തുന്നതിനോ അപേക്ഷ നൽകിയിട്ടും ചെന്നീർക്കര ഐടിഐയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്നും, ടിയാൾ എസ്‌സി വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാൽ ഒരു സ്ഥാപനത്തിൽ 5 വർഷം തുടരുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട് എന്നും ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.<br>രോഗബാധിതനായ ഭർത്താവും 5 വയസ്സു പ്രായമുള്ള മകനും വൃദ്ധയായ അമ്മയും ടിയാളുടെ സംരക്ഷണത്തിൽ ആണെന്നും ആയതിനാൽ മാതൃജില്ലയായ തിരുവനന്തപുരത്തുള്ള ഐടിഐ ആറ്റിങ്ങലിലേയ്ക്കോ ഐടിഐ ആര്യനാടിലേയ്ക്കോ ഐടിഐ വനിത കഴക്കൂട്ടത്തേക്കോ സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ സ്റ്റേഷൻ എന്നത് ജീവനക്കാരൻ അവസാനം ജോലി ചെയ്ത ഓഫീസ് എന്നല്ല എന്നും 15 Km ചുറ്റളവിനുള്ളിലെ സർവ്വീസ് ഒരു സ്റ്റേഷനിലെ സർവ്വീസ് ആയി കണക്കാക്കുമെന്നും പരാമർശിക്കുന്നുണ്ട്. ആയതിനാൽ അപേക്ഷകയുടെ 5 വർഷത്തെ സേവനം ഒരു സ്റ്റേഷനിൽ എന്ന് പരിഗണിക്കേണ്ടതുണ്ട്. അപേക്ഷകയ്ക്ക് അനുകമ്പാർഹത അനുവദിക്കപ്പെട്ടിട്ടില്ല. ഷൈനി എം കെ, സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ തുറന്ന ഒഴിവുകൾ ഇല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ ടി സ്ഥാപനങ്ങളിൽ പരിഗണിക്കുവാൻ കഴിയില്ല. എന്നാൽ അപേക്ഷകയുടെ മാതൃജില്ലയ്ക്ക് സമീപ ജില്ലയിലെ കൊട്ടാരക്കര ഗവ.ഐ.ടി.ഐ-യിൽ നിലവിലുള്ള തുറന്ന ഒഴിവ് നിലവിലുള്ളതിനാലും, ടി സ്ഥാപനത്തിലേക്ക് Q-ലിസ്റ്റിൽ ഇനി ട്രാൻസ്ഫർ ലഭിക്കേണ്ട ജീവനക്കാർ ഇല്ലാത്തതിനാലും ഷൈനി എം കെ-യെ, കൊട്ടാരക്കര ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റുന്നു. ധനുവച്ചപുരം ഗവ.ഐ.ടി.ഐ-യിൽ നിന്ന് കൊട്ടാരക്കര ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലമാറ്റുകയും നിലവിൽ ടി സ്ഥാപനത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ള പ്രദീപ് എ കുമാറിനെ ചെന്നീർക്കര ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റുന്നു |
| 3 | **അൻഷാജ് ബഷീർ (690418),**<br>**സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി)**<br>**ഗവ. ഐ.ടി.ഐ ചെങ്ങന്നൂർ**<br><br>പൊതുസ്ഥലംമാറ്റത്തിൽ പുറക്കാട് ഗവ.ഐടിഐ യിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും | 2025 ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട Q ലിസ്റ്റിൽ (പുറക്കാട് ഐ.ടി.ഐ-യിൽ) രണ്ടാമനായിട്ടാണ് അപേക്ഷകൻ ഉൾപ്പെട്ടിട്ടുള്ളത്. ടി ലിസ്റ്റിൽ ഒന്നാമനായ ഇൻസ്ട്രക്ടർക്ക് ടി സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. ആയതിനാലും മറ്റു തുറന്ന |

| | | |
|---|---|---|
| | ഭിന്നശേഷിക്കാരനും സീനിയറുമായ തനിക്ക് പുറക്കാട് ഐടിഐ യ യ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷ. | ഒഴിവുകൾ ഇല്ലാത്തതിനാലും അൻഷാജ് ബഷീറിന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| 4 | **സുമംഗല കെ വി (828447),**<br>**സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി)**<br>**ഗവ. ഐ.ടി.ഐ പള്ളിക്കത്തോട്**<br><br>ടിയാൾ അഞ്ച് വർഷമായി വിവിധ രോഗാവസ്ഥകൾക്കായി മരുന്ന് കഴിക്കേണ്ട അവസ്ഥയിലാണെന്നും മോശമായ ശാരീരിക അവസ്ഥകൾ ആയതിനാൽ വീടിന് സമീപമുള്ള കായംകുളം ഐടിഐയിലേയ്ക്കാണ് ട്രാൻസ്ഫറിന് അപേക്ഷിച്ചത് എന്നും അല്ലെങ്കിൽ കായംകുളത്തു തന്നെ നിലനിർത്തുമെന്ന പ്രതീക്ഷയിലാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതെന്നും പള്ളിക്ക ത്തോട് ഐടിഐയിൽ രണ്ട് വർഷം പോലും പൂർത്തിയാകാത്ത ശ്രീമതി. റൂബി വി യെ ഗവ. ഐടിഐ ചെങ്ങന്നൂരിലേയ്ക്ക് ട്രാൻസ്ഫർ നൽകിയതെന്നും ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാലും വീട്ടിൽ സുഖമില്ലാത്ത ഭർത്താവും പഠിക്കുന്ന രണ്ട് പെൺമക്കൾ ഉള്ളതിനാലും ഐടിഐ കായംകുളം അല്ലെങ്കിൽ ഐടിഐ ചെങ്ങന്നൂർ നിലനിർത്തണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | സുമംഗല കെ വി, ചെങ്ങന്നൂർ ഗവ.ഐ.ടി.ഐ-യിലേക്ക് അപേക്ഷിച്ചിരുന്നില്ല. സുമംഗല കെ വി പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരുന്ന കായകുളം ഗവ.ഐ.ടി.ഐ-യിൽ തുറന്ന ഒഴിവോ/റീപ്ലേസ്മെന്റ് ഒഴിവോ നിലവിലുണ്ടായിരുന്നില്ല. നിലവിലെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലും തുറന്ന ഒഴിവുകൾ നിലവിലില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| 5 | **ഉഷ നാരായണൻ (818810)**<br>**സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി),**<br>**ഗവ. ഐ.ടി.ഐ കഞ്ഞിക്കുഴി**<br><br>എ.സി.ഡി ഇൻസ്ട്രക്ടർമാരുടെ ജോലി സമയം പുനക്രമീകരിച്ചതിനാൽ കഞ്ഞിക്കുഴി ഐടിഐ, ചിത്തിരപുരം ഐടിഐ എന്നീ രണ്ട് സ്ഥാപനങ്ങളിലും ജോലി ചെയ്യേണ്ടതുണ്ട് എന്നും കാൻസർ ബാധിതയായ താൻ മലബാർ കാൻസർ സെന്ററിൽ ചികിത്സയിൽ ഉള്ള വ്യക്തിയാണെന്നും ചികിത്സയുമായി ബന്ധപ്പെട്ട് മാസങ്ങളോളം ലീവിൽ പ്രവേശിച്ചതിനാൽ അവധി എടുക്കാനും നിർവാഹമില്ല എന്നും ഇടുക്കി ജില്ലയിലെ തണുപ്പുള്ള കാലാവസ്ഥ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും പ്രായമായ മാതാവും ടിയാളുടെ സംരക്ഷണയിലാണ് എന്നും ആയതിനാൽ ഇടുക്കി ജില്ലയിലെ തന്നെ യാത്രസൗകര്യമുള്ള കട്ടപ്പന ഐ.ടി.ഐ-യിലേക്ക് സ്ഥലംമാറ്റം നൽകണമെന്നും കാസറഗോഡ്, കോഴിക്കോട് ജില്ലകളിൽ ഒഴിവു വരുന്ന മുറയ്ക്ക് ടി ജില്ലകളിലെ ഐടിഐകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷ. | 2025 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉഷ നാരായണന്റെ അനോമലി അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ തുറന്ന ഒഴിവുള്ള കട്ടപ്പന ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റം നൽകുന്നു. ശൂന്യ വേതന അവധി കഴിഞ്ഞു കട്ടപ്പന ഗവ.ഐ.ടി.ഐ-യിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സുജിത്ത്.പി.പി-യെ ടിയാന്റെ പുനഃപ്രവേശന ഉത്തരവിലെ നിർദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ കഞ്ഞിക്കുഴി ഗവ. ഐ.ടി.ഐ-യിലേക്ക് സ്ഥലംമാറ്റുന്നു |
| 6 | **അരുണ പ്രഭ (817543)**<br>**സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി),**<br>**ഗവ. ഐ.ടി.ഐ മലമ്പുഴ** | ശ്രീമതി. അരുണ പ്രഭ പ്രസവാവധി കഴിഞ്ഞ് നിലവിലെ സ്ഥാപനത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചത് മുതലുള്ള സേവന ദൈർഘ്യം, വിജ്ഞാപനത്തിലെ നിർദ്ദേശം |

| | | |
|---|---|---|
| | പ്രസവ അവധിക്കു ശേഷം തിരികെ 29.08.2024-ന് ജോലിയിൽ പ്രവേശിച്ച വനിത ജീവനക്കാരി എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതെ സ്റ്റേഷനിൽ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കേണ്ടതെന്നും അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേക്ക് ഒന്നാമതായി മുൻഗണന നൽകണമെന്ന പൊതു സ്ഥലംമാറ്റ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 10 (iii) പ്രകാരം കോഴിക്കോട് ഗവ.ഐ.ടി.ഐ-യിൽ നിലനിർത്തുകയോ അല്ലെങ്കിൽ ടി സ്റ്റേഷൻ പരിധിയിൽ വരുന്ന മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ക്രമീകരിക്കണമെന്ന അപേക്ഷ | അനുസരിച്ച് കണക്കാക്കുമ്പോൾ ഒരു വർഷം പൂർത്തിയാകാത്തതിനാൽ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 10(iii)-അനുസരിച്ച് കോഴിക്കോട് ഗവ.ഐ.ടി.ഐ-യിൽ നിലനിർത്തേണ്ടതുണ്ട്. ആയതിനാൽ, അരുണ പ്രഭയുടെ അനോമലി അപേക്ഷ പരിഗണിച്ച് കോഴിക്കോട് ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റുന്നു. അരുണ പ്രഭയെ കോഴിക്കോട് ഗവ.ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റുന്നതിനാൽ ടി സ്ഥാപനത്തിൽ സേവനത്തിലുള്ള മിനിമോൾ പൈക്കാട്ട്, സീനിയർ ഇൻസ്ട്രക്ടറെ കോഴിക്കോട് ഗവ.ഐ.ടി.ഐ-യിൽ നിന്ന് എടപ്പാൾ ഗവ.ഐ.ടി.ഐ-യിലേക്കും, എടപ്പാൾ ഗവ.ഐ.ടി.ഐ-യിൽ ACD തസ്തികയിൽ സേവനത്തിലുള്ള സതീഷ്.കെ.എസ്, സീനിയർ ഇൻസ്ട്രക്ടറെ മലമ്പുഴ ഗവ..ഐ.ടി.ഐ-യിലേക്കും സ്ഥലംമാറ്റുന്നു |
| 7 | **ഷാജി എ കെ (911775)**<br>**സീനിയർ ഇൻസ്ട്രക്ടർ (COPA),**<br>**ഗവ. ഐ.ടി.ഐ എറിയാട്**<br><br>2025ലെ പൊതുസ്ഥലംമാറ്റം കരട് ലിസ്റ്റ് പ്രകാരം ഒന്നാം ഓപ്ഷൻ ആയിരുന്ന ചാലക്കുടി വനിത ഐടിഐയിലാണ് സ്ഥലംമാറ്റം അനുവദിച്ചിരുന്നതെങ്കിലും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ രണ്ടാം ഓപ്ഷനായ എറിയാട് ഐടിയിലാണ് പരിഗണിച്ചത് എന്നും എസ് സി വിഭാഗത്തിൽപ്പെട്ട ടിയാൾക്ക് പ്രത്യേക മുൻഗണനാക്രമത്തിൽ ഒന്നിൽ ഉൾപ്പെട്ടതനാൽ ഓപ്ഷൻ നമ്പർ ഒന്നിൽത്തന്നെ നിലനിർത്തേണ്ടതുണ്ടന്നും, ചാലക്കുടി വനിത ഐടിഐയിൽ നിയമിച്ച ശ്രീമതി രേഖ എ ജെ സീനിയർ ഇൻസ്ടക്ടർ 2025 സ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും അറിച്ചിട്ടുണ്ട്. കൂടാതെവാർദ്ധക്യ സഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന അച്ഛനും അമ്മയും രണ്ട് പെൺകുട്ടികളും ടിയാളുടെ സംരക്ഷണത്തിലാണ് എന്നും ഭാര്യ ദൂരസ്ഥലത്ത് ജോലിചെയ്യുന്നതിനാലും സീനിയോറിറ്റി മുൻഗണനാ പ്രകാരം എസ്സി വിഭാഗത്തിൽപ്പെട്ടതും സ്വന്തം ജില്ലയിൽ നിന്നും മൂന്ന് വർഷത്തിലധികമായി പുറംജില്ലാ സേവനം ചെയ്യുന്ന ടിയാൾക്ക് ട്രാൻസ്ഫർ നോംസ് പ്രകാരം അപ്പീഷൽ പരിഗണിച്ച് ഒന്നാമത്തെ ഓപ്ഷനായ ചാലക്കുടി വനിത ഐടിഐയിൽ തന്നെ നിലനിർത്തണമെന്ന് അപേക്ഷ. | മുൻ വർഷത്തെ പൊതു സ്ഥലമാറ്റത്തിൽ നിർബന്ധിത സ്ഥലമാറ്റത്തിന് വിധേയായ രേഖ എ ജെ സീനിയർ ഇൻസ്ടക്ടറെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് ചാലക്കുടി ഗവ. വനിത ഐടിഐയിൽ ക്രമീകരിച്ചിട്ടുള്ളത്. മാതൃ ജില്ലയിൽ നിന്നും അകലെ സേവനം അനുഷ്ഠിച്ചിരുന്ന അപേക്ഷകനെ, ടിയാന്റെ രണ്ടാം ഓപ്ഷൻ പ്രകാരം മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്. നിലവിൽ തുറന്ന ഒഴിവ് ഇല്ലാത്തതിനാൽ ഷാജി എ കെ-യുടെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| | | |

| | | |
|---|---|---|
| 8 | **പ്രജിത ടി വി (813994)**<br>**സീനിയർ ഇൻസ്ട്രക്ടർ (COPA)**<br>**ഗവ. ഐ.ടി.ഐ മലമ്പുഴ**<br><br>2025 ഓൺലൈൻ ജനറൽ ട്രാൻസ്ഫറിൽ ചാലക്കുടി ഐടിഐയിൽ നിന്നും അഞ്ചാമത്തെ ഓപ്ഷൻ ആയ ഗവ.ഐടിഐ മലമ്പുഴയിലേയ്ക്ക് ട്രാൻസ്ഫർ ലഭിച്ചിരുന്നു. നിലവിൽ രണ്ടാമത്തെ ഓപ്ഷൻ ആയ കളമശ്ശേരി വനിത ഐടിഐയിൽ തുറന്ന ഒഴിവുള്ളതിനാൽ ക്യൂ ലിസ്റ്റിൽ ഒന്നാമതായ ടിയാളെ പരിഗണിക്കണമെന്ന് അപേക്ഷ. | 2025 വർഷത്തെ Q ലിസ്റ്റിൽ (കളമശ്ശേരി ഗവ.(വ) ഐ.ടി.ഐ-യിലെ) ഒന്നാമതായ പ്രജിത ടി വി-യെ കളമശ്ശേരി ഗവ.(വ) ഐ.ടി.ഐ-യിലെ നിലവിലെ തുറന്ന ഒഴിവിലേക്ക് സ്ഥലം മാറ്റുന്നു |
| 9 | **ലേഖ എൽ (762405)**<br>**സീനിയർ ഇൻസ്ട്രക്ടർ (ഡി. സിവിൽ),**<br>**ഗവ. ഐ.ടി.ഐ മെഴുവേലി**<br><br>കൊല്ലം വനിത ഐടിഐയിൽ നിന്നും മഴുവേലി വനിത ഐടിഐയിലേയ്ക്ക് നിർബന്ധിത സ്ഥലംമാറ്റം നൽകിയെന്നും 2015ൽ സേനവനത്തിൽ പ്രവേശിച്ച് ടിയാൾക്ക് മാതൃ ജില്ലായായ കൊല്ലത്ത് 3 വർഷത്തിൽ താഴെ മാത്രമേ സേവനകാലയളവ് ഉള്ളുവെന്നും ടിയാളുടെ ഭർത്താവ് പാരാമിലിറ്ററിയിലാണ് ജോലി ചെയ്യുന്നതെന്നും മകന്റേയും ഭർതൃപിതാവിന്റേയും കാര്യങ്ങൾ നോക്കുന്നതിനായി താൻമാത്രമാണ് ഉള്ളതെന്നും ആയതിനാൽ കൊല്ലം വനിത ഐ.ടി.ഐ-യിൽ തന്നെ നിലനിർത്തുകയോ യാത്രസൗകര്യമുള്ള ഐ.ടി.ഐ ചെങ്ങന്നൂർ, വനിത ഐ.ടി.ഐ ചെങ്ങന്നൂർ, വനിത ഐ.ടി.ഐ ചങ്ങനാശേരി എന്നിവിടങ്ങളിലേയ്ക്കോ സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷ. | 2025 വർഷത്തെ Q ലിസ്റ്റ് പ്രകാരം ഒഴിവുകൾ ക്രമീകരിക്കേണ്ടതിനാലും തുറന്ന മറ്റു ഒഴിവുകൾ ഇല്ലാത്തതിനാലും ലേഖ എൽ-ന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| 10 | **ഹരീന്ദ്രകുമാർ ആർ (689587),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഡി. സിവിൽ),**<br>**ഗവ. (വനിത) ഐ.ടി.ഐ ചെങ്ങന്നൂർ**<br><br>ട്രാൻസ്ഫർ കരട് പട്ടികയിൽ ധനുവച്ചപുരം ഐടിഐയിൽ ടിയാളുടെ പേര് ഉണ്ടായിരുന്നുവെന്നും എന്നാൽ അന്തിമ പട്ടികയിൽ ചെങ്ങന്നൂർ വനിത ഐടിഐയിലാണ് നിയമനം നൽകിയതെന്നും നിലവിൽ ധനുവച്ചപുരം ഐടിഐിൽ ഇൻസ്ടആക്ടർ ആയി തുടരന്നവർ 6 വർഷമയി എന്നും ആയതിനാൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷ. | 2025 വർഷത്തെ Q ലിസ്റ്റിൽ (ധനുവച്ചപുരം ഗവ.ഐ.ടി.ഐ-യിലെ) ഒന്നാമതായ ഹരീന്ദ്രകുമാർ ആർ- നെ ധനുവച്ചപുരം ഗവ.ഐ.ടി.ഐ-യിലെ നിലവിലെ തുറന്ന ഒഴിവിലേക്ക് സ്ഥലം മാറ്റുന്നു |
| 11 | **അമ്മു അജയൻ (930188),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഡി. സിവിൽ),**<br>**ഗവ. (വനിത) ഐ.ടി.ഐ ചങ്ങനാശ്ശേരി** | 2025 വർഷത്തെ Q ലിസ്റ്റിൽ (ചെങ്ങന്നൂർ ഗവ. (വനിത) ഐ.ടി.ഐ -യിലെ) ഒന്നാമതായ അമ്മു അജയനെ ചെങ്ങന്നൂർ ഗവ. (വനിത) ഐ.ടി.ഐ- യിലേക്ക് മേൽ |

| | | |
|---|---|---|
| | 2025 ജനറൽ ട്രാൻസ്ഫറിൽ ആരക്കുഴ ഗവ.ഐ.ടി.ഐ-യിൽ നിന്നും ചങ്ങനാശ്ശേരി ഗവ.വനിത ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റിയിരുന്നു. ചെങ്ങന്നൂർ ഗവ.വനിത ഐ.ടി.ഐ-യിലെ Q-ലിസ്റ്റിൽ ഒന്നാമതായ അപേക്ഷകയെ പരിഗണിക്കാതെ, ടി സ്ഥാപനത്തിലേക്ക് അപേക്ഷ നൽകാത്ത വ്യക്തിയ്ക്കാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളതെന്നും, ടിയാന് പകരം അപേക്ഷകയെ ചെങ്ങന്നൂർ ഗവ.വനിത ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന അപേക്ഷ | പ്രകാരം വന്ന ഒഴിവിൽ സ്ഥലം മാറ്റുന്നു. അമ്മു അജയനെ സ്ഥലം മാറ്റുന്നതിനെ തുടർന്ന് ഒഴിവുണ്ടായ ചങ്ങനാശ്ശേരി ഗവ. (വനിത) ഐ.ടി.ഐ-യുടെ Q ലിസ്റ്റിൽ രണ്ടും, മൂന്നും സ്ഥാനത്തുള്ള ആതിര തോമസ്, JI, ഐ.ടി.ഐ പള്ളിക്കത്തോട്, ജോഷ്മി രാജ്.എസ്.എൽ, JI ഏറ്റുമാനൂർ എന്നിവർ ചങ്ങനാശ്ശേരി ഗവ. (വനിത) ഐ.ടി.ഐ-യിലേക്ക് സ്ഥലംമാറ്റം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുള്ളതിനാലും, നാലാമതുള്ള സേതുലക്ഷ്മി വകുപ്പിൽ നിന്ന് വിടുതൽ വാങ്ങിയിട്ടുള്ളതിനാലും, Q ലിസ്റ്റിൽ അഞ്ചാമതുള്ള കട്ടപ്പന ഗവ.ഐ.ടി.ഐ-യിലെ അജൈൽ സുന്ദരേശനെ ചങ്ങനാശ്ശേരി ഗവ. (വനിത) ഐ.ടി.ഐ-യിലേക്കും സ്ഥലംമാറ്റുന്നു. |
| 12 | **അലി റഷാദ് പി, (916644),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഡി. സിവിൽ),**<br>**ഗവ. ഐ.ടി.ഐ അരീക്കോട്**<br><br>അരീക്കോട് ഐടിഐയിൽ 11/03/2022 മുതൽ ജോലി ചെയ്യുന്ന ടിയാൾ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചുന്നുവെങ്കിലും ലഭിച്ചിട്ടില്ല എന്നും ഗവ.ഐടിഐ താഴേക്കോടിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് 51 ദിവസത്തെ സർവീസ് ഉള്ള മിഥുൻ കെ യ്ക്ക് ആണെന്നും 1085 ദിവസത്തെ സർവീസ് ഉള്ള ടിയാളെ ഗവ.ഐടിഐ താഴേക്കോടേയ്ക്ക് പരിഗണിക്കണമെന്ന് അപേക്ഷ | അലി റഷാദ് പി, 11 / 03 / 2022 മുതൽ മാതൃ ജില്ലയിൽ സേവനം അനുഷ്ഠിക്കുന്നതിനാലും മാതൃ ജില്ലയിൽ സേവനത്തിലുള്ളതിനാലും പുറം ജില്ലാ സേവന കാലയളവ് ശൂന്യമാണ്. മലപ്പുറം ജില്ല സ്വദേശിയായ മിഥുൻ കെ - യ്ക്ക്, പുറം ജില്ലാ സേവന കാലയളവ്, ടിയാന്റെ ഓപ്ഷൻ എന്നിവ അടിസ്ഥാനമാക്കിയാണ് ഗവ.ഐടിഐ താഴേക്കോട് ഗവ. ഐ.ടി.ഐ-യുടെ Q ലിസ്റ്റിൽ മിഥുൻ കെ ഒന്നാമൻ ആയിട്ടുള്ളത്. ആയതിനാൽ അലി റഷാദ് പി-യുടെ അപേക്ഷ പരിഗണിക്കുന്നില്ല |
| 13 | **രേഷ്മ പ്രേമൻ പി (889016),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രീഷ്യൻ),**<br>**ഗവ. ഐ.ടി.ഐ കോഴിക്കോട്**<br><br>03/05/2025ൽ പ്രസിദ്ധീകരിച്ച് കരട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്നും 14/05/2025 അപ്പീൽ സമർപ്പിയ്ക്കുകയും ചെയ്തു എന്നും എന്നാൽ 31/08/2025 ലെ ഡിറ്റി/2581/2025-എ2 ഉത്തരവിൽ അപ്പീൽ തീരുമാനത്തിൽ, അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും, തുറന്ന ഒഴിവില്ലായെന്ന് അറിയിച്ചിട്ടുണ്ടെന്നും അപേക്ഷ സ്വീകരിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷ | വടകര ഗവ.ഐടിഐ യിലേക്ക് ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷിച്ച ജീവനക്കാരി സ്ഥലമാറ്റം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടില്ല. മറ്റു തുറന്ന ഒഴിവും ടി സ്ഥാപനത്തിൽ ഇല്ല. ആയതിനാൽ രേഷ്മ പ്രേമന്റെ അപേക്ഷ പരിഗണിക്കുന്നില്ല |
| 14 | **അനിൽകുമാർ പി, (367794),**<br>**സീനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ),**<br>**ഗവ. ഐ.ടി.ഐ ചെങ്ങന്നൂർ**<br><br>2025 ലെ പൊതുസ്ഥമാറ്റ കരട് ലിസ്റ്റിൽ ചെങ്ങന്നൂർ ഗവ.ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നെന്നും | 2025 ലെ പൊതുസ്ഥമാറ്റത്തിൽ ബന്ധപ്പെട്ട അനിൽകുമാർ.പി-യുടെ, അപേക്ഷ പ്രകാരം ടിയാന്റെ ഒന്നാമത്തെ ഓപ്ഷനിലേക്കാണ് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. പോരുവഴി ഗവ. ഐ.ടി.ഐ Q ലിസ്റ്റിൽ ഉൾപ്പെട്ട ഒന്ന് |

| | | |
|---|---|---|
| | അപ്പീൽ അപേക്ഷ നൽകിയെങ്കിലും ചെങ്ങന്നൂർ ഐടിഐയിൽ തന്നെ നിയമിക്കുകയാണ് ചെയ്തത് എന്നും പോരുവഴി ഐടിഐയിൽ 4 വർഷ സർവീസ് മാത്രമാണ് ഉള്ളതെന്നും അറിയിച്ചിട്ടുണ്ട്. ചന്ദനത്തോപ്പ് ഐടിഐയിൽ നിന്നും പോരുവഴി ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച സീനിയർ ഇൻസ്ട്രക്ടർ ദീർഘകാല അവധി എടുത്ത് വിദേശത്ത് സേവനം ചെയ്തിരുന്നുവെന്നും 4 വർഷം മുൻപ് മാത്രമാണ് തിരികെ സേവനത്തിൽ പ്രവേശിച്ചതെന്നും ശ്രീ. അനസ് സീനിയർ ഇൻസ്ട്രകടർ അപ്പീൽ അപേക്ഷയിൽ പറയുന്നത് പക്ഷാഘാതം പിടിപെട്ട ഭാര്യാപിതാവിന്റെ സംരക്ഷണം എന്നാണ്. ഭാര്യാപിതാവ് ജൂലൈ 2025ൽ മരണപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. 11 വർഷമായി ചെങ്ങന്നൂർ ഗവഐടിഐയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. ഗോപകുമാർ കെ, 10 വർഷത്തോളമായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. ഉണ്ണികൃഷ്ണക്കുറുപ്പ് ജി, 7 വർഷത്തോളമായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ജയകുമാർ എന്നിവരുടെ ദുർബലമായ അപ്പീലുകൾ പരിഗണിച്ച് ചെങ്ങന്നൂർ ഐടിഐയിൽ തന്നെ നിലനിർത്തിയെന്നും ആയതിനാൽ ടിയാളുടെ അനോമലി അപേക്ഷ പരിഗണിച്ച് പോരുവഴി ഐടിഐയിൽ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷ. | മുതൽ നാല് ഇൻസ്ട്രക്ടർമാരെ മറ്റു സ്ഥാപനങ്ങളിൽ ക്രമീകരിച്ചതിനാൽ അഞ്ചാമതും, ആറാമതും ഉള്ളതും ഒന്നാം ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാരെയാണ് ടി സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്. നിലവിൽ പോരുവഴി ഗവ. ഐ.ടി.ഐ-യിൽ തുറന്ന ഒഴിവില്ലാത്തതിനാൽ അനിൽകുമാർ പി-യുടെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| 15 | **വിനോദ് വി (508103),**<br>**സീനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ),**<br>**ഗവ. ഐ.ടി.ഐ കുളത്തുപ്പുഴ**<br><br>2025 ലെ ജനറൽ ട്രാൻസ്ഫറിൽ കുളത്തൂപ്പുഴ ഗവ.ഐടിഐയിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നുവെന്നും ഗ്രൂപ്പ് ഇൻസ്ട്രക്ടർ സ്ഥാനക്കയറ്റ ഉത്തരവിൽ ശ്രീ. നിസാമുദ്ദീൽ ഇ കൽപ്പറ്റ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം കിട്ടിയിട്ടുണ്ടെന്നും ആയതിനാൽ ഉണ്ടായ തുറന്ന ഒഴിവിൽ ചെങ്ങന്നൂർ ഐ.ടി.ഐ-യിൽ നിലനിർത്തണമെന്ന് അപേക്ഷ | നിലവിൽ ചെങ്ങന്നൂർ ഗവ.ഐടിഐ-യുടെ Q ലിസ്റ്റിൽ ഉൾപ്പെട്ട ഇൻസ്ട്രക്ടർമാരെ ക്രമീകരിച്ചിട്ടുള്ളതിനാലും, സ്ഥലംമാറ്റത്തിനായി മറ്റു ഇൻസ്ട്രക്ടർമാർ ഇല്ലാത്തതിനാലും ടി സ്ഥാപനത്തിൽ തുറന്ന ഒഴിവ് ഉള്ളതിനാലും വിനോദ് വി-യുടെ അപേക്ഷ പരിഗണിച്ച് ചെങ്ങന്നൂർ ഗവ.ഐടിഐ-ലേക്ക് സ്ഥലം മാറ്റുന്നു |
| 16 | **നിയാസ് റഹ്മാൻ കെ കെ (906504),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ),**<br>**ഗവ. ഐ.ടി.ഐ പിണറായി**<br><br>ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ജന.ട്രാൻസ്ഫർ ലിസ്റ്റിൽ പിണറായി ഗവ.ഐടിഐയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ടന്നും ഓൺലൈൻ ട്രാൻസ്ഫറിനുള്ള കരട് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ലായെന്നും ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത ഓരാൾക്കാണ് ട്രാൻസ്ഫർ നൽകിയിരിക്കുന്നതെന്നും പരാതി ഉന്നയിച്ചിട്ടുണ്ട്. ഭാര്യയ്ക്കും 2 വയസ്സുള്ള കുഞ്ഞിനും ഏക ആശ്രയും ടിയാളാണ് എന്നും ഒരേ സ്റ്റേഷനിൽ തന്നെ സ്ഥലംമാറ്റം അനുവദിക്കരുതെന്ന നിയമം | പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 10 (xi) പ്രകാരം കണ്ണൂർ ഗവ.ഐ.ടി.ഐ-യിലേക്ക് അപേക്ഷ ലഭിച്ചതിനാലാണ് ഖണ്ഡിക 2 (iii) അനുസരിച്ച് നിയാസ് റഹ്മാൻ കെ കെ യെ സ്ഥലംമാറ്റിയത്. കണ്ണൂർ ഗവ.ഐടിഐയിലോ മലപ്പുറം ജില്ലയിലെ ഗവ.ഐടിഐകളിലോ തുറന്ന ഒഴിവ് ഇല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |

| | | |
|---|---|---|
| | നിലവിലുണ്ട് എന്നും കരട് ലിസ്റ്റിൽ ഉൾപ്പെടാതെ ഒരേ സ്റ്റേഷനിൽ തന്നെ ജോലി ചെയ്യുന്ന ഒരാൾക്ക് എല്ലാ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി സർക്കാർ സംവിധാനം ദുരുപയോഗം ചെയ്ത് നിലവിൽ വന്നിരിക്കുന്ന ടി സ്ഥലംമാറ്റത്തിനെതിരെ അപ്പീൽ നൽകാനുള്ള അവസരം പോലും ലഭിക്കാതെ ഇറങ്ങിയിരിക്കുന്ന ഈ ഉത്തരവിലെ അപാകത പരിഹരിച്ച് കണ്ണൂർ ഗവ.ഐടിഐയിൽ തന്നെ നിലനിർത്തുകയോ അല്ലെങ്കിൽ മലപ്പുറം ജില്ലയിലെ ഏതെങ്കിലും ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷ. | |
| 17 | **രാഹുൽ രാജൻ (916130),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (ഐ.മെക്ക്),**<br>**ഗവ. ഐ.ടി.ഐ ചെന്നീർക്കര**<br><br>ടിയാൻ 09/08/2021ലാണ് ഏറ്റുമാനൂർ ഐടിഐയിൽ സേവനത്തിൽ പ്രവേശിച്ചതെന്നും 4 വർഷത്തെ സേവനം മാത്രമാണ് പൂർത്തിയാക്കിയതെന്നും ടിയാൾ എസ്‌സി വിഭാഗത്തിൽപ്പെട്ട ജീവനക്കാരനാണെന്നും എസ്‌സി വിഭാഗക്കാർക്ക് ഒരു സ്ഥാപനത്തിൽ 5 വർഷം നിലനിൽക്കുമെന്നിരിക്കെയാണ് ചെന്നീർക്കര ഐടിഐ യിലേക്ക് ട്രാൻസ്ഫർ നൽകിരിക്കുന്നതെന്നും ട്രാൻസ്ഫറിന്റെ കരട് ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല എന്നും, വൃദ്ധയായ മാതാവ് ടിയാന്റെ പരിചരണത്തിൽ ആണെന്നും ആയതിനാൽ ഏറ്റുമാനൂർ ഐടിഐയിൽ തന്നെ നിലനിർത്തണമെന്ന് അപേക്ഷ. | പ്രയോരിറ്റി ആനുകൂല്യത്തിൽ നിലവിലെ സ്ഥാപനത്തിൽ തുടരുവാൻ ആഗ്രഹിക്കുന്നവർ ആയതിന്റെ ആനുകൂല്യം ലഭ്യമാകുവാൻ പ്രസ്തുത പ്രയോരിറ്റി തെളിയിക്കുന്ന വിവരങ്ങൾ സ്പാർക്കിലെ വ്യക്തിഗത അക്കൗണ്ടിൽ ഉൾപ്പെടുത്തണമെന്നും ആയതിൽ വീഴ്ച്ച സംഭവിച്ചാൽ പ്രയോരിറ്റി അപ്പീലിൽ അവകാശപ്പെട്ടാലും ആയത് അനുവദിക്കുന്നതല്ല എന്നും 2025 സ്ഥലംമാറ്റ വിജ്ഞാപനത്തിൽ ഖണ്ഡിക 11 പ്രകാരം നിർദ്ദേശിച്ചിരുന്നു. രാഹുൽ രാജൻ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന പ്രയോരിറ്റി വിവരം സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടില്ല, ആയതിനാലാണ് ടിയാന് ടി ആനുകൂല്യം ലഭിക്കാത്തത്. 2025 സ്ഥലംമാറ്റ വിജ്ഞാപനം അനുസരിച്ച് രാഹുൽ രാജന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല |
| 18 | **ജിതിൻ കെ (917833),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (OAMT),**<br>**ഗവ. ഐ.ടി.ഐ ധനുവച്ചപുരം.**<br><br>2025 ജനറൽ ട്രാൻസ്ഫറിൽ ഗവ.ഐടിഐ ഏറ്റുമാനൂരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കരട് ഉത്തരവിൽ അനുമതി ലഭിച്ചിരുന്നു. ഏറ്റുമാനൂർ ഐടിഐയിലെ ശ്രീ. ബിനു കെ എസ് ന്റെ മാതാവിന് കാൻസർ സ്ഥിരീകരിച്ചതിനാൽ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കുന്നതിനായി അദ്ദേഹം അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിനാൽ ശ്രീ. ജിതിൻ കെ യെ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കി ധനുവച്ചപുരം ഐടിഐയിൽ തന്നെ നിലനിർത്തണമെന്ന് അപേക്ഷ. | ഏറ്റുമാനൂർ ഐ.ടി.ഐ Q - ലിസ്റ്റിൽ ഉൾപ്പെട്ട ജിതിൻ കെ-യുടെയും ബിനു കെ എസ്-ന്റെയും അപേക്ഷകൾ ലഭിച്ചത് പരിഗണിച്ചും, ടി Q ലിസ്റ്റിൽ മറ്റു ഇൻസ്ട്രക്ടർമാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, ധനുവച്ചപുരം ഐടിഐ-യിൽ Q ലിസ്റ്റ് നിലവിലില്ലാത്തതിനാലും ജിതിൻ കെ-യെ ധനുവച്ചപുരം ഐ.ടി.ഐ-യിൽ നിലനിർത്തുന്നു |
| 19 | **ബിനു കെ എസ് (916207),**<br>**ജൂനിയർ ഇൻസ്ട്രക്ടർ (OAMT),** | ഏറ്റുമാനൂർ ഐ.ടി.ഐ Q - ലിസ്റ്റിൽ ഉൾപ്പെട്ട ജിതിൻ കെ-യുടെയും ബിനു കെ |

| | | |
|---|---|---|
| | **ഗവ. ഐ.ടി.ഐ ഏറ്റുമാനൂർ**<br><br>മാതാവ് കാൻസർ ബാധിതമായായതിനാൽ കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ് എന്നും ട്രാൻസ്ഫറിന്റെ കരട് വിജ്ഞാപനം പുറത്തിരങ്ങിയതിനു ശേഷമാണ് കാൻസർ രോഗം സ്ഥിരീകരിച്ചത് എന്നും ടി വിവരങ്ങൾ ചൂണ്ടിക്കാട്ടി കത്ത് നൽകിയിട്ടുണ്ടായിരുന്നുവെന്നും എന്നാൽ ഉത്തരവ് ഇറങ്ങിയപ്പോൾ ധനുവച്ചപുരം ഐ.ടി.ഐ-യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നുവെന്നും ഏറ്റുമാനൂർ ഐടിഐയിൽ നിലനിർത്തണമെന്ന് അപേക്ഷ | എസ്-ന്റെയും അപേക്ഷകൾ ലഭിച്ചത് പരിഗണിച്ചും, ടി Q ലിസ്റ്റിൽ മറ്റു ഇൻസ്ട്രക്ടർമാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, ധനുവച്ചപുരം ഐടിഐ-യിൽ Q ലിസ്റ്റ് നിലവിലില്ലാത്തതിനാലും ബിനു കെ എസ്-നെ ഏറ്റുമാനൂർ ഐടിഐയിൽ നിലനിർത്തുന്നു. |
| 20 | **അബ്ദുൾസലിം. പി (369829),**<br>**സീനിയർ ഇൻസ്ട്രക്ടർ (പ്ലംബർ),**<br>**ഗവ. ഐ.ടി.ഐ തിരുവമ്പാടി**<br><br>2025 ജനറൽ ട്രാൻസ്ഫറിൽ അപേക്ഷ നൽകിയിരുന്നെങ്കിലും കരട് ലിസ്റ്റിൽ പരിഗണിച്ചിരുന്നില്ല എന്നും ആയതിന്മേൽ അപ്പീൽ നൽകിയിരുന്നെങ്കിലും പരിഗണിക്കാത്തിനാൽ ചുവടെ പറയുംവിധം വിശദീകരണം നൽകിയിരിക്കുന്നു. 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ മാതൃജില്ലയായ കോഴിക്കോട് ഐടിഐയിലേയ്ക്ക് അപേക്ഷ നൽകിയിരുന്നെങ്കിലും,കോഴിക്കോട് ഐടിഐയിൽ റീപ്ലേസ്മന്റ് ഒഴിവിൽ പ്രത്യേക മുൻഗണനയ്ക്ക് അർഹനായ ജീവനക്കാരൻ നിലനിന്നിരുന്നതിനാലും തുറന്ന ഒഴിവ് ഇല്ലാത്തതിനാലും മാതൃ ജില്ലയിലെ തിരുവമ്പാടി ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. ഇതിലൂടെ നിർബന്ധിത സ്ഥംമാറ്റവുമായി ബന്ധപ്പെട്ട ക്ലെയിം പൂർത്തിയാക്കിയിയെന്നും, നിലവിലെ സ്റ്റേഷനിൽ നിശ്ചിത കാലയളവ് പൂർത്തിയാകാത്തിനാലും ടിയാൻ അപേക്ഷിച്ച സ്ഥാപനങ്ങളിലെ ക്യൂലിസ്റ്റിൽ ഉൾപ്പെട്ട മറ്റ് അർഹരായ ജീവനക്കാർ ഉള്ളതിനാലും ടിയാന്റെ അപേക്ഷ പരിഗണിച്ചിരുന്നില്ല. ദുർഘട പ്രദേശമായ തിരുവാമ്പാടി ഐടിഐയിൽ 2011 മുതൽ 2023 ഫെബ്രുവരി വരെ ജോലിചെയ്തിരുന്നുവെന്നും, ടി ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടത് അപേക്ഷ പ്രകാരം ആണെങ്കിലേ സ്റ്റേഷൻ സീനിയോറിറ്റി നഷ്ടപ്പെടുകയുള്ളുയെന്നും, എന്നാൽ ടിയാന്റെ അപേക്ഷ പ്രകാരം അല്ലാതെ സ്ഥലംമാറ്റിയിതിന് സർക്കാർ ഉത്തരവ് ഖണ്ഡിക 5 (VIII) പ്രകാരം നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയനായ ഉദ്യോഗസ്ഥന്റെ സ്റ്റേഷൻ സീനിയോറിറ്റി നഷ്ടപ്പെടില്ലായെന്നും 2011 മുതൽ സ്റ്റേഷൻ സീനിയോറിറ്റിയായി തിരുവാമ്പാടി ഐടിഐയെ പരിഗണിക്കണമന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ടിയാന്റെ അപേക്ഷ പ്രകാരമല്ലാതെ 2023ലെ പൊതുസ്ഥലംമാറ്റത്തിൽ 2011 മുതൽ 2023 ഫെബ്രുവരി | 2022 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ അബ്ദുൾ സലീം. പി -യെ നിർബന്ധിതമായി സ്വന്തം ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റിയിരുന്നെങ്കിലും 2023 ലെ പൊതുസ്ഥലം മാറ്റത്തിൽ ആവശ്യപ്പെട്ട കോഴിക്കോട് ഐടിഐയിൽ റീപ്ലേസ്മെന്റ് ഒഴിവിൽ പ്രത്യേക മുൻഗണനയ്ക്ക് അർഹനായ ജീവനക്കാരൻ നിലനിന്നിരുന്നതിനാലും തുറന്ന ഒഴിവില്ലാത്തതിനാലും മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം നൽകി ക്രമീകരിച്ചിരുന്നു. മാതൃജില്ലയിൽ ക്രമീകരിച്ചതിലൂടെ നിർബന്ധിത സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ക്ലെയിം പൂർത്തിയായിട്ടുണ്ട്. ആയതിനാൽ അപേക്ഷകൻ ഉന്നയിച്ച പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 (viii) നിർദ്ദേശം നിലനിൽക്കുന്നതല്ല. നിലവിലെ സ്റ്റേഷനിൽ നിശ്ചിത കാലയളവ് പൂർത്തിയാകാത്തതിനാലും, ടിയാൻ അപേക്ഷിച്ച സ്ഥാപനങ്ങളിലെ Q-ലിസ്റ്റിൽ ഉൾപ്പെട്ട ടിയാന്റെ റാങ്കിനേക്കാൾ ഉയർന്ന റാങ്കിന് അർഹരായവർക്ക് സ്ഥലംമാറ്റം നൽകേണ്ടതിനാലും അബ്ദുൾ സലീം. പി -യുടെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല. |

| | | |
|---|---|---|
| | വരെ ജോലിചെയ്ത തിരുവമ്പാടി ഐടിഐയിലേയ്ക്ക് മാറ്റിയ നടപടി ശരിയല്ലെന്നും കൂടാതെ മാതൃജില്ലയിലേയ്ക്ക് സ്ഥലംമാറ്റി ക്രമീകരിച്ചുവെന്നും നിർബന്ധിത സ്ഥംമാറ്റവുമായി ബന്ധപ്പെട്ട് ക്ലെയിം അവസാനിച്ചുവെന്നത് ശരിയല്ലെന്നും, മാതൃജില്ലയെ ഒരു സ്റ്റേഷനായി കണക്കാക്കുന്നില്ലായെന്നും, 15 കിലോമീറ്ററിൽ അധികം ദൂരമുള്ള സ്ഥലത്തേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടെന്നും, നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയനായ ടിയാൾക്ക് ലഭിക്കേണ്ട അവകാശം/ പരിഗണന ലഭിച്ചിരുന്നെങ്കിൽ ടിയാന്റെ സ്റ്റേഷൻ സീനിയോറിറ്റി നഷ്ടപ്പെടുമായിരുന്നില്ലായെന്നും അതോടൊപ്പം ക്യൂലിസ്റ്റിൽ ഉയർന്ന സ്ഥാനം ലഭിക്കുമായിരുന്നു എന്ന് ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ദുർഘട പ്രദേശത്ത് സേവനം ചെയ്തതിന്റെ സംരക്ഷണം നൽകി ടിയാൻ സ്ഥലംമാറ്റം ആവശ്യപ്പെട്ട ഐടിഐയിലേയ്ക്ക് പരിഗണിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | |
| 21 | **സജു ആർ (646771),**<br>**സീനിയർ ഇൻസ്ട്രക്ടർ (ടർണർ),**<br>**ഗവ. ഐ.ടി.ഐ ചാക്ക**<br><br>2025 പൊതുസ്ഥലംമാറ്റ ഉത്തരവിൽ ടിയാനെ ആറ്റിങ്ങൽ ഐടിഐയിൽ നിന്നും ചാക്ക ഐടിഐയിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ടിയാന് നട്ടെല്ലിന്റെ ചികിത്സ നടക്കുന്നതിനാൽ ദീഘദൂര യാത്രചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഉള്ളതിനാൽ ഒരുവർഷം കൂടി ആറ്റിങ്ങൽ ഐടിഐയിൽ തുടരാൻ അനുവദിക്കണമെന്ന അപേക്ഷ. | പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 11 പ്രകാരമുള്ള പ്രത്യേക മുൻഗണന സംരക്ഷണം അവസാനിച്ചതിനാലും, യോഗ്യമായ അപേക്ഷ പരിഗണിച്ചതിനാലുമാണ് സജു ആർ-ന് സ്ഥാന ചലനം സംഭവിച്ചത്. നിലവിൽ ആറ്റിങ്ങൽ ഐ.ടി.ഐ-യിൽ തുറന്ന ഒഴിവില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിലവിൽ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല |
| 22 | **സന്തോഷ് കുമാർ കെ വി (698576)**<br>**സീനിയർ ഇൻസ്ട്രക്ടർ (ടർണർ),**<br>**ഗവ. ഐ.ടി.ഐ മലമ്പുഴ**<br><br>2025ലെ പൊതു സ്ഥലംമാറ്റത്തിൽ അപേക്ഷ നൽകിയിരുന്നില്ല എന്നാൽ കരട് ലിസ്റ്റിൽ ഉൾപ്പെട്ടതിനെതുടർന്ന്, പ്രായമുള്ള രക്ഷിതാക്കളും 2, 10 വയസ്സുള്ള പെൺമക്കളും ടിയാന്റെ സംരക്ഷണ ചുമതലയിൽ ആയതിനാൽ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് അപക്ഷ നൽകിയിരുന്നു. എന്നാൽ ടി അപേക്ഷ പരിഗണിക്കാതെ ടിയാനെ മലമ്പുഴ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റുകയും, പകരം മലമ്പുഴ ഐടിഐയിൽ 8 മാസക്കാലം സേവനം അനുഷ്ഠിക്കുകയും ബാക്കി സർവീസ് കാലയളവ് മുഴുവൻ സ്വന്തം ജില്ലയായ കണ്ണൂരിൽ ആയിരുന്ന ജീവനക്കാരനെയാണ് കണ്ണൂർ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റിയത്. കണ്ണൂർ ഐടിഐയിലേയ്ക്ക് | സന്തോഷ് കുമാർ കെ വി ഉന്നയിച്ചിരിക്കുന്ന ആക്ഷേപത്തിൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം വാങ്ങേണ്ടതുണ്ട്. ആയതിനാൽ അത് വരുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് |

| | | |
|---|---|---|
| | സ്ഥലംമാറ്റിയ ജീവനക്കാരൻ ഒരുവർഷത്തിൽ താഴെമാത്രമാണ് മലമ്പുഴ ഐടിഐയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതെന്നും, ടി സാഹചര്യത്തിൽ ആണ് ടിയാനെ കണ്ണൂർ ഐടിഐയിൽ നിന്ന് മലമ്പുഴ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റിയത്എന്ന ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. കൂടാതെ ടിയാൻ കോഴിക്കോട് പോളിടെക്നിക്ക് കോളേജിൽ വർക്കിംഗ് പ്രൊഫണൽ ഡിപ്ലോമ കോഴ്സ് തുടർന്ന് വരുന്നതിനാൽ മലമ്പുഴ ഐടിഐയിൽ 8 മാസക്കാലം സർവീസ് ഉള്ള ആൾക്ക് നൽകിയ ട്രാൻസ്ഫർ റദ്ദ് ചെയ്യണമെന്നും ടിയാനെ കണ്ണൂർ ഐടിഐയിൽ നിലനിർത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | |
| 23 | **ബിജു ബി വി (752092)**<br>**സീനിയർ ഇൻസ്ട്രക്ടർ (വെൽഡർ),**<br>**ഗവ. ഐ.ടി.ഐ ചാക്ക**<br><br>2025ലെ പൊതുസ്ഥലംമാറ്റത്തിൽ, 2015 മുതൽ തുടർച്ചയായി ചാക്ക ഐടിഐയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ടിയാൻ നിലമ്പൂർ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചിട്ടില്ലായെന്നും, ടിയാന്റെ ഭാര്യ മലപ്പുറം ജില്ലയിലെ സ്കൂളിൽ UPST ആയി സേവനം അനുഷ്ഠിച്ചുവരുന്നുവെന്നും 8, 2 വയസ്സുള്ള കുട്ടികളുടെ സംരക്ഷണത്തിന് ടിയാന്റെ സാന്നിധ്യം ആവശ്യമായതിനാലും, സർക്കാർ ഉത്തരവ് (പി) നം.3/2017/ഉദ്ഭവ തീയതി 25/02/2017ലെ ഖണ്ഡിക 10 പ്രകാരം അനോമലി പരിഹരിച്ച് നിലമ്പൂർ ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷ. | ബിജു ബി വി, സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്ന സ്ഥാപനത്തിൽ തുറന്ന ഒഴിവോ, റീപ്ലേസ്മെന്റ് ഒഴിവോ ഇല്ലായിരുന്നു, നിലവിലും ഇതേ സാഹചര്യമാണ് ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല |
| 24 | **അലക്സ് എസ് പി (857959),**<br>**സീനിയർ ഇൻസ്ട്രക്ടർ (വുഡ്വർക്ക് ടെക്നീഷ്യൻ)**<br>**ഗവ. ഐ.ടി.ഐ കണ്ണൂർ**<br><br>2025ലെ പൊതുസ്ഥലംമാറ്റ കരട് ലിസ്റ്റിൽ ടിയാന് ധനുവച്ചപുരം ഐടിഐയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി പരഗണിച്ചിരുന്നുവെന്നും എന്നാൽ ഫൈനൽ ലിസ്റ്റിൽ അപ്പീൽ നമ്പർ 88 പരിഗണിച്ച് ടിയാനെ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കിയെന്നും, കരട് ലിസ്റ്റിൽ മാള ഐടിഐയിലേയ്ക്ക് ട്രാൻസ്ഫർ ലഭിച്ച സുജിത്കുമാർ സീനിയർ ഇൻസ്ട്രക്ടർ ഐടിഐ ചാക്ക നൽകിയ അനോമലിയിൽ പറയുന്ന കാര്യങ്ങൾ വസ്തുതാ വിരുദ്ധമാണെന്നും ഡെപ്യൂട്ടേഷൻ കാലാവധി സ്ഥലംമാറ്റത്തിന് പരിഗണിച്ചില്ലായെങ്കിലും പുറംജില്ലാ സേവനമായി 15/03/2019ൽ ചെങ്ങന്നൂർ ഐടിഐയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന് 24/02/2022 മുതൽ 24/02/2025 വരെയുള്ള ഡെപ്യൂട്ടേഷൻ കാലാവധി പരിഗണിക്കാതെ തന്നെ 3 വർഷത്തിലധികം പുറം ജില്ലാ സേവനം പൂർത്തിയാക്കിയിരുന്നുവെന്നും എന്നാൽ Q-ലിസ്റ്റ് | ശ്രീ. അലക്സ് എസ് പി-യുടെ ഡെപ്യൂട്ടേഷൻ മാതൃ ജില്ലയിൽ ആയതിനാലാണ് പുറം ജില്ലാ സേവനം Q-ലിസ്റ്റിൽ ഉൾപ്പെടാതെ വന്നത്. ശ്രീ. അലക്സ് എസ് പി-യുടെ സേവന കാലയളവ്, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവ പരിശോധിച്ചത് പ്രകാരവും, പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 8(i) പ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി സ്ഥലം മാറ്റത്തിന് വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കാത്തതിനാലും, ശ്രീ. സുജിത്കുമാർ, ശ്രീ. അലക്സ് എസ് പി-യുടെ സീനിയർ ആയതിനാലും ടിയാന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല. |

| | | |
|---|---|---|
| | പ്രകാരം ഔട്ട് സ്റ്റേഷൻ സർവീസ് ലെങ്ത് 3 ദിവസമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, നിലവിൽ ചെങ്ങന്നൂർ ഐ.ടി.ഐ-യിൽ സേവനത്തിലായിരുന്ന 15/03/2019 മുതൽ 24/02/2022 വരെയുള്ള കാലാവധി Q-ലിസ്റ്റിൽ ഔട്ട് സ്റ്റേഷൻ ഡ്യൂട്ടി കാലാവധിയായി കണക്കാക്കിയിട്ടില്ലാ യെന്നും ആയത് പുനഃപരിശോധിച്ച് കരട് ലിസ്റ്റ് പ്രകാരം ധനുവച്ചപുരം ഐടിഐ‌ി ലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷ. | |

മേൽ പറയും പ്രകാരം 2025 വർഷത്തെ സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ കേഡറുകളിലെ അനോമലി അപേക്ഷകൾ തീർപ്പാക്കി ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

| Sl. No | PEN | Name | Designation | Office Transferred from | Office Transferred to | Remarks |
|---|---|---|---|---|---|---|
| **Arithematic Cum Drawing** | | | | | | |
| 1 | 819921 | SHYNI M K | Senior Instructor | Govt. ITI CHENNEERKARA | Govt. ITI KOTTARAKKARA | |
| 2 | 370423 | PRADEEP A KUMAR | Senior Instructor | Govt. ITI KOTTARAKKARA | Govt. ITI CHENNEERKARA | |
| 3 | 818810 | USHA NARAYANAN | Senior Instructor | Govt. ITI KANJIKUZHI | Govt. ITI KATTAPPANA | |
| 4 | 818800 | SUJITH P P | Junior Instructor | Govt. ITI KATTAPPANA | Govt. ITI KANJIKUZHI | |
| 5 | 817543 | ARUNA PRABHA K | Senior Instructor | Govt. ITI MALA MPUZHA | Govt. ITI KOZHIKODE | |
| 6 | 819254 | MINIMOL PAIKK AT | Senior Instructor | Govt. ITI KOZHIKODE | Govt. ITI EDAPPAL | |
| 7 | 369945 | SATHEESH K S | Senior Instructor | Govt. ITI EDAPPAL | Govt. ITI MALA MPUZHA | |
| **Computer Operator & Programming Assistant** | | | | | | |
| 1 | 813994 | PRAJITHA T V | Senior Instructor | Govt. ITI MALAMPU ZHA | Govt. ITI (W) KALAMASSERY | 2nd Option |
| **Draughtsman Civil** | | | | | | |
| 1 | 689587 | HAREENDRA KU MAR R | Junior Instr uctor | Govt. ITI (W) CHENG ANNUR | Govt. ITI DHANUVACHAPURAM | 2nd Option |
| 2 | 930188 | AMMU AJAYAN | Junior Instr uctor | Govt. ITI (W) CHANG ANASSERY | Govt. ITI (W) CHENG ANNUR | 4th Option |
| 3 | 989497 | AGILE SUNDARASAN | Junior Instr uctor | Govt. ITI KATTAPPANA | Govt. ITI (W) CHANG ANASSERY | 5th Option |
| **Fitter** | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | 508103 | VINOD V | Senior Instructor | Govt. ITI KULATHUPPUZHA | Govt. ITI CHENGANNUR | |

മേൽ പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരെ സ്ഥാപന മേധാവികൾ **രണ്ടു ദിവസത്തിനുള്ളിൽ** വിടുതൽ ചെയ്യേണ്ടതും ആയത് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

Digitally signed by
Shammi Baker A
Date: 27-02-2026
15:08:23

സ്വീകർത്താവ് :- ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :- 1. എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ് സൈറ്റ് മുഖേനെ)
2. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ്)